LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷാഫാറങ്ങൾ ലഭ്യമാക്കുവാൻ നടപടി

197 (5282) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ/സബ് രജിസ്ട്രാർ ആഫീസുകളിൽനിന്നും പൊതുജനത്തിന് ലഭിക്കേണ്ടതായ സേവനങ്ങളിൽ പലതിനും ആവശ്യമായ നിശ്ചിതമാതൃകയിലുള്ള അപേക്ഷകൾ പ്രസ്തുത ആഫീസുകളിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആഫീസുകളെ "കടബാധ്യത സർട്ടിഫിക്കറ്റ്" പോലെയുള്ള പലതരം ആവശ്യങ്ങൾക്കായി സമീപിക്കുമ്പോൾ നിശ്ചിതമാതൃകയിലുള്ള ഫാറങ്ങൾ ലഭ്യമല്ലെന്നും അടുത്തുള്ള വെണ്ടർ ലൈസൻസിയെ സമീപിക്കുവാനും നിർദ്ദേശം നൽകി ജനങ്ങൾക്ക് ബുദ്ധിമുട്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനായി പ്രസ്തുത ആഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷകളുടെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനോ, നിശ്ചിത ഫീസ് ഈടാക്കി പ്രസ്തുത ആഫീസുകളിൽ നിന്നുതന്നെ വിതരണം ചെയ്യുന്നതിനോ നടപടികൾ സ്വീകരിക്കുമോ ;

(ഡി) അപേക്ഷാഫോറങ്ങൾക്കായി വെണ്ടർ ലൈസൻസികൾ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത്തരം പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിശ്ചിതമാതൃകയിലുള്ള അപേക്ഷകളുടെ പകർപ്പ് എല്ലാ ജില്ലാ/സബ് രജിസ്ട്രാർ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ അപേക്ഷകളുടെയും പകർപ്പ് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.

(ഡി) അത്തരം പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.